**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

തദ്ദേശ സ്വയംഭരണ വകുപ്പ് – തൃശ്ശൂർ ജില്ലയിലെ ചെറുകിട ജലോത്സവങ്ങൾക്ക് വികസന ഫണ്ട് വകയിരുത്തി സഹായം നൽകുന്നതിനുള്ള ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശ സ്വയംഭരണ (എഫ്.എം.) വകുപ്പ്**

---

**സ.ഉ.(സാധാ) നം.2087/2019/ത.സ്വ.ഭ.വ തിരുവനന്തപുരം, തീയതി, 26/09/2019**

---

പരാമർശം:- 1)

തൃശ്ശൂർ ജില്ലാ പഞ്ചായത്ത് പ്രസിഡന്റിന്റെ 26.08.2019 ലെ കത്ത്

2)ശ്രീ മുരളി പെരുനെല്ലി എം ൽ എയുടെ 29/08/2019 ലെ 322/2019 നമ്പർ

കത്ത്.

**<u>ഉത്തരവ്</u>**

തൃശ്ശൂർ ജില്ലാ പഞ്ചായത്ത് 2019 -20 വർഷത്തിൽ 20 ലക്ഷം രൂപ വികസന ഫണ്ട് വകയിരുത്തി ഗ്രാമീണ ജലോത്സവങ്ങൾക്ക് ധനസഹായം എന്ന പ്രോജെക്ടിൽ നിന്നും 1 0 ലക്ഷം രൂപ കണ്ടശാംകടവ് ജലോത്സവത്തിന്റെ ചിലവിലേക്ക് നൽകിയ ശേഷം ബാക്കി വരുന്ന 10 ലക്ഷം രൂപയിൽ നിന്നും തൃശ്ശൂർ ജില്ലയിലെ ചെറുകിട ഗ്രാമീണ ജലോത്സവങ്ങൾക്ക് രണ്ടു ലക്ഷം വീതം ധനസഹായം നൽകുന്നതിന് കൂടി യഥേഷ്ടനുമതി നൽകണമെന്ന തൃശ്ശൂർ ജില്ലാ പഞ്ചായത്ത് പ്രസിഡന്റിന്റെ പരാമർശം 1 പ്രകാരമുള്ള അപേക്ഷ ശ്രീ. മുരളി പെരുനെല്ലി എം ൽ എ ശുപാർശ ചെയ്തു സമർപ്പിച്ചിരിക്കുന്നു.

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു.തൃശ്ശൂർ ജില്ലാ പഞ്ചായത്ത് 2019 -20 വർ ഷത്തിൽ 2 0 ലക്ഷം രൂപ വികസന ഫണ്ട് വകയിരുത്തി ഗ്രാമീണ ജലോത്സവങ്ങൾക്ക് ധനസഹായം എന്ന പ്രോജെക്ടിൽ നിന്നും 1 0 ലക്ഷം രൂപ കണ്ടശാംകടവ് ജലോത്സവത്തിന്റെ ചെലവിലേക്ക് നൽകിയ ശേഷം ബാക്കി വരുന്ന 10 ലക്ഷം രൂപയിൽ നിന്നും തൃശ്ശൂർ ജില്ലയിലെ മറ്റു ചെറുകിട ഗ്രാമീണ ജലോത്സവങ്ങൾക്ക് രണ്ടു ലക്ഷം വീതം ധനസഹായം, ജില്ലാ പഞ്ചായത്ത് ഭരണസമിതി തീരുമാനത്തിന് വിധേയമായി, നൽകുന്നതിന് യഥേഷ്ടാനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം,)

**ബീനമോൾ കെ ജെ**

**ഡെപ്യൂട്ടിസെക്രട്ടറി**

പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം

ജില്ലാ പഞ്ചായത്ത് പ്രസിഡന്റ്, തൃശ്ശൂർ

പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, തൃശ്ശൂർ

ഡയറക്ടർ, കേരള സ്റ്റേറ്റ് ആഡിറ്റ് വകുപ്പ്, തിരുവനന്തപുരം

അക്കൗണ്ടന്റ് ജനറൽ (എൽ ബി എ & എ) കേരള, തിരുവനന്തപുരം.

എക്സിക്യൂട്ടീവ് ചെയർമാൻ/ ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം (തദ്ദേശസ്വയംഭരണ വകുപ്പിന്റെ വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിന്)

സ്റ്റോക്ക് ഫയൽ / ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം,

Remeela.

സെക്ഷൻ ഓഫീസർ